# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1477

22/03/2013 - ലെ മറുപടിയ്ക്ക്

## കൃഷി നാശം വന്ന കർഷകർക്ക് ആശ്വാസ നടപടികൾ

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന വരൾച്ചയുടെ ഫലമായി കാർഷിക ഉല്പാദനമേഖലയിൽ ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കൃഷി നാശം വന്ന കർഷകർക്ക് എന്തെങ്കിലും ആശ്വാസ നടപടികൾ നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) & (ബി) 2012-2013 ഖാരീഫ്-റാബീ സീസണുകളിൽ അനുഭവപ്പെട്ട വരൾച്ചയുടെ ഫലമായി ഉത്പാദനമേഖലയിൽ 5810.68 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) & (ഡി) വരൾച്ചമൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി വിളനിർണ്ണയ സമിതിയോഗങ്ങളും പദ്ധതി ഉപദേശക സമിതിയോഗങ്ങളും കൂടിയിട്ടുണ്ട്. കർഷകർ മൂപ്പു കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും. ജലസേചന പദ്ധതിയുടെ വാലറ്റപ്രദേശങ്ങളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവു വേണ്ട വിളകൾ കൃഷി ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴംകൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെപ്പറ്റി കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്. അനുയോജ്യമായ സ്ഥലങ്ങളിൽ

ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിന് കൃഷിഭവൻ വഴി അപേക്ഷ സ്വീകരിച്ചു വരുന്നു. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ബാധിച്ച പ്രദേശം (ഹെക്ടറിൽ) | കർഷകർ | ഏകദേശ നഷ്ടം (കോടി രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 29,935 | 26,644 | 903.89 |
| കൊല്ലം | 11,925.11 | 7,312 | 42.56 |
| ആലപ്പുഴ | 34,266 | 7,550 | 307.16 |
| പത്തനംതിട്ട | 27,422 | 3,252 | 506.73 |
| കോട്ടയം | 5,267 | 752 | 75.07 |
| ഇടുക്കി | 15,079 | 3,565 | 227.58 |
| എറണാകുളം | 50 | 127 | 1.21 |
| തൃശ്ശൂർ | 23,040 | 1,250 | 391.19 |
| പാലക്കാട് | 67,779.92 | 24,973 | 1122.18 |
| മലപ്പുറം | 22,127 | 864 | 396.18 |
| കോഴിക്കോട് | 3,500 | 436 | 61.18 |
| വയനാട് | 63,929 | 38,125 | 1766.02 |
| കണ്ണൂർ | 427.5 | 153 | 1.71 |
| കാസർഗോഡ് | 1,020 | 728 | 8.02 |
| ആകെ | 3,05,787.3 | 1,15,731 | 5810.68 |

സെക്ഷൻ ഓഫീസർ